പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 421 — 11.12.2012-ൽ മറുപടിയ്ക്ക്

## കേബിൾ ടി. വി. ഓപ്പറേറ്റർമാർ നൽകേണ്ട വൈദ്യുതി പോസ്റ്റ് വാടക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജു : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെറുകിട കേബിൾ ടി. വി ഓപ്പറേറ്റർ മാരിൽ നിന്നും നിലവിൽ വൈദ്യുതി പോസ്റ്റ് വാടക യായി എന്തു തുകയാണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | വൈദ്യുതി പോസ്റ്റു വഴി കേബിൾ വലിയ്ക്കു ന്നതിന് 01-04-2011 മുതൽ പുതുതായി എഗ്രിമെൻറ് വയ്ക്കുന്നവരും/പുതുക്കുന്ന വരുമായ കേബിൾ ടി.വി ഓപ്പറേറ്റർമാർക്ക് നഗര പരിധിയിൽ/പ്രാന്ത പ്രദേശങ്ങളിൽ പോസ്റ്റൊന്നിന് ഒരു വർഷത്തേയ്ക്ക് 311/- രൂപയും; ഗ്രാമ പ്രദേശങ്ങളിൽ അതിൻെറ പകുതിയുമാണ് വാടകയായി 25-02-2012 ലെ ബോർഡ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. വർഷംതോറും വാടക നിരക്കിൽ 5% വർദ്ധന യും ബാധകമാണ്.<br><br>കേബിൾ ടി.വി വാടക പുനർ നിർണ്ണയിച്ചതിനെതിരെ കേബിൾ ടി.വി ഓപ്പറേറ്റർമാർ WP (C) No.8094/2012 & 8360/2012 ആയും ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ WP (C) No.13791/2012 ആയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീലുകൾ നൽകിയിരുന്നു. ഈ ഹർജികൾ പരിഗണിച്ച് 12-04-2012ലെയും 14-06-2012 ലെയും ഉത്തരവു പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി ഇവരുടെ നിവേദനത്തിൽ, ബോർഡ് തീർപ്പ് കൽപ്പിക്കുന്നതിനും, അത് വരെ പോസ്റ്റൊന്നിന്, വാടക നഗരപ്രദേശ ങ്ങളിലും പ്രാന്ത പ്രദേശങ്ങളിലും 250 രൂപ നിരക്കിലും ഗ്രാമപ്രദേശങ്ങളിൽ 125 രൂപ നിരക്കിലും ഈടാക്കുന്നതിനും നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം ഹർജികളിന്മേൽ ബോർഡ് സെക്രട്ടറി ഹിയറിംഗ് നടത്തി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കേബിൾ ടി. വി. ഓപ്പറേറ്റർമാരുമായി സർക്കാർ കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ ; | | |
| (സി) | നിരക്കു വർദ്ധനയുമായി ബന്ധ പ്പെട്ട വിഷയത്തിൽ ചെറുകിട കേബിൾ ഓപ്പറേറ്റർമാർക്ക് അനുകൂലമായി തീരുമാനമെ ടുക്കുമെന്ന വൈദ്യുതി മന്ത്രിയുടെ ഉറപ്പ് പാലിക്കാ തെയും ബഹു. ഹൈക്കോട | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

തിയുടെ ഇടക്കാല ഉത്തരവ് പാലിക്കാതെയും വൈദ്യുതി ബോർഡ് കേബിൾ ടി. വി ഓപ്പറേറ്റർമാരെ പീഡിപ്പിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിനെതിരെ നടപടികൾ സ്വീകരിക്കുമോ ?

സെക്ഷൻ ഓഫീസർ.